# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത</u> **<u>02.04.2018</u>** <u>ൽ മറുപടിക്ക്</u>

<u>ചോദ്യം നം. **6109**</u>

**<u>പാറ ഉല്പന്നങ്ങളുടെ അമിതമായ വില</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.ഡി.കെ. മുരളി | എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പമന്ത്രി) |
| (എ) പാറ ഉല്പന്നങ്ങളുടെ അമിത വില തടയുന്നതിനായി പാറ ക്വാറികൾ സർക്കാർ ഏറ്റെടുത്ത് മിതമായ വിലയ്ക്ക് ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) പാറ ഉല്പന്നങ്ങളുടെ അമിത വില തടയുന്നതിനായി പാറ ക്വാറികൾ സർക്കാർ ഏറ്റെടുത്ത് ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നത് പരിഗണനയിലില്ല. എന്നാൽ ക്വാറി ഉൽപ്പന്നങ്ങളുടെ ലഭ്യത വർദ്ധിപ്പിച്ച് വിലവർദ്ധന നിയന്ത്രിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. |

1. 5-ഹെക്ടറിനു താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാ തലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പാരിസ്ഥിതികാഘാത നിർണ്ണയ അതോറിറ്റി (DEIAA)-യുടേയും ജില്ലാതല അപഗ്രഥന സമിതി (DEAC)യുടേയും പ്രവർത്തനം കാര്യക്ഷമമാക്കി.
2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.
3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22.06.2017 ലെ സ.ഉ(പി)25/2017/ഐ.ഡി നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുന:സ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തി.
4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി.
5. ജില്ലാ കളക്ടർമാർക്ക് ബന്ധപ്പെട്ട ക്വാറി, ക്രഷർ ഉടമകളുടെ യോഗം വിളിച്ച് വില നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനായി നിർദ്ദേശം നൽകിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ ഇപ്രകാരം വില കുറയ്ക്കാൻ തീരുമാനിച്ചതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**